⇨ നാളിതുവരെ ഉണ്ടായിരുന്ന ധാരണകൾ തെറ്റാണെന്ന് അദ്ദേഹം റിപ്പോർട്ടിൽ തെളിയിച്ചു ⇨

# രാജമാണിക്യം റിപ്പോർട്ടിനെതിരെ അണിയറനീക്കങ്ങൾ ശക്തമാകുന്നു

അഞ്ച് ലക്ഷത്തിലധികം ഏക്കർ ഭൂമി ഏറ്റെടുക്കണമെന്ന് നിർദ്ദേശിച്ച രാജമാണിക്യം റിപ്പോർട്ടിന് നിയമസാധുതയില്ലെന്ന് ചൂണ്ടിക്കാട്ടി, നിയമവകുപ്പ് സെക്രട്ടറി സർക്കാരിന് സമർപ്പിച്ചിരിക്കുന്ന റിപ്പോർട്ട് തോട്ടം ഭൂമി ഏറ്റെടുക്കുന്നതിനായി നടക്കുന്ന ശ്രമങ്ങളെ അട്ടിമറിക്കാനുള്ള നീക്കമാണെന്ന്

**കെ. സന്തോഷ് കുമാർ**

ടാറ്റ-ഹാരിസൺ ഉൾപ്പടെയുള്ള കമ്പനികൾ അനധികൃതമായി കൈവശം വയ്ക്കുന്ന തോട്ടംഭൂമി ഏറ്റെടുക്കുന്നതിന് കാര്യക്ഷമവും സുപ്രധാനവുമായ നടപടികളാണ് 2013 മുതൽ ഭരണതലത്തിലും കോടതികളിലും സർക്കാർ കൈക്കൊള്ളുന്നത്. എന്നാൽ പിണറായി വിജയന്റെ നേതൃത്വത്തിൽ ഇടതുപക്ഷ സർക്കാർ അധികാരത്തിൽ എത്തിയനാൾ മുതൽ ഈ നടപടികളെല്ലാം തോട്ടം കമ്പനികൾക്കും കയ്യേറ്റ മാഫിയകൾക്കും വേണ്ടി അട്ടിമറിക്കുകയാണ്. അതിൽ ഏറ്റവും പ്രധാനപ്പെട്ട നീക്കമാണ്, അഞ്ച് ലക്ഷത്തിലധികം ഭൂമി ഏറ്റെടുക്കണമെന്ന് നിർദ്ദേശിച്ച രാജമാണിക്യം റിപ്പോർട്ടിന് നിയമസാധുതയില്ലെന്ന നിയമവകുപ്പ് സെക്രട്ടറി ബി.ജി. ഹരീന്ദ്രനാഥ് ഭരണവകുപ്പിനും റവന്യൂ വകുപ്പിനും ഇപ്പോൾ സമർപ്പിച്ചിരിക്കുന്ന റിപ്പോർട്ട്. കേരളത്തിൽ തോട്ടംഭൂമി ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ടുണ്ടായ തീരുമാനങ്ങളിൽ അതിനിർണായകമായ ഒന്നായിരുന്നു ഡോ. രാജമാണിക്യം ഐ.എ.എസിനെ സ്പെഷ്യൽ ഓഫീസറായി നിയോഗിച്ചത്. 1947 ന് മുൻപ് വിദേശ കമ്പനികൾ കൈവശം വച്ചിരുന്നതും സ്വാതന്ത്ര്യാനന്തരം നിയമവിരുദ്ധമായും ഇന്ത്യൻ കമ്പനികളുടെ പേരിലും ബിനാമി ഇടപാടുകളിലൂടെയും കൈവശപ്പെടുത്തിയതുമായ തോട്ടംഭൂമിയുടെ ഉടമസ്ഥത പരിശോധിക്കാനും, അനധികൃത ഭൂമി കയ്യേറ്റങ്ങൾക്കെതിരെ കേരള ഭൂസംരക്ഷണം നിയമം 1957 ന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുന്നതിനുമാണ് അന്നത്തെ റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ബിശ്വാസ് മേത്ത 2013 ഏപ്രിൽ 25ന് ഇറക്കിയ ഉത്തരവിലൂടെ (GO (MS) No. 161/ 2013/RD) അദ്ദേഹത്തെ സ്പെഷ്യൽ ഓഫീസറായി നിയമിക്കുന്നത്. തോട്ടം കമ്പനികൾ കൈവശം വെച്ചിരിക്കുന്നത് പാട്ടഭൂമിയാണെന്ന നാളിതുവരെ ഉണ്ടായിരുന്ന ധാരണകൾ തെറ്റാണെന്ന് അദ്ദേഹം റിപ്പോർട്ടിൽ തെളിയിച്ചു. ടാറ്റ, ഹാരിസൺ, ആംഗ്ലോ അമേരിക്കൻ കമ്പനി ലിമിറ്റഡ്, ട്രാവൻകൂർ റബ്ബർ കമ്പനി, പീരുമേട് ടീ കമ്പനി തുടങ്ങിയ തോട്ടം കമ്പനികൾ വ്യാജ ആധാരത്തിലൂടെയും നിയമവിരുദ്ധമായും അനധികൃതമായും കേരളത്തിന്റെ ഭൂവിസ്തൃതിയുടെ 58 ശതമാനം വരുന്ന 5,20,000 ഏക്കർ തോട്ടംഭൂമി കൈവശപ്പെടുത്തി വെച്ചിരിക്കുകയാണെന്ന് ഡോ. എം.ജി രാജമാണിക്യം റിപ്പോർട്ടിൽ സമർത്ഥിച്ചു. തോട്ടംഭൂമി ഏറ്റെടുക്കുന്നതിന് ഭൂ




രാജമാണിക്യം റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തോട്ടം കമ്പനികൾ അനധികൃതമായി കൈയ്യടക്കി വെച്ചിരിക്കുന്ന ഭൂമിയേറ്റെടുക്കുവാൻ നിർദ്ദേശങ്ങൾ ആരാഞ്ഞുകൊണ്ട് 2016 സെപ്റ്റംബർ 8 ന് റവന്യൂ വകുപ്പ് നിയമവകുപ്പിന് റിപ്പോർട്ട് നൽകിയിരുന്നു. ഇതിന് മറുപടിയായി 2017 ഏപ്രിൽ 4 ന് നിയമവകുപ്പ് സെക്രട്ടറി ബി.ജി. ഹരീന്ദ്രനാഥ് നൽകിയിരിക്കുന്ന റിപ്പോർട്ടിലാണ് രാജമാണിക്യം റിപ്പോർട്ട് ഏതൊക്കെ നിയമങ്ങളുടെ അടിസ്ഥാനത്തിലാണോ ഭൂമിയേറ്റെടുക്കണമെന്ന് ആവശ്യപ്പെട്ടിരുന്നത് ആ നിയമങ്ങൾക്കൊന്നും നിയമസാധുതയില്ലെന്ന് പറയുന്നത്.

സംബന്ധമായ മുഴുവൻ നിയമങ്ങളും പരിശോധിച്ച്, നിയമപരമായ മുഴുവൻ സാധ്യതകളും അദ്ദേഹം റിപ്പോർട്ടിൽ അക്കമിട്ടുനിരത്തി. ഇന്ത്യൻ ഇൻഡിപെൻഡൻസ് ആക്ട് 1947, കേരള ഭൂസംരക്ഷണ നിയമം 1957, കേരള ഭൂപരിഷ്കരണ നിയമം 1963 & 1969, കണ്ണൻദേവൻ ഭൂമി ഏറ്റെടുക്കൽ (ഭേദഗതി) നിയമം 1971, ഫെറ നിയമം 1947 &1973, ഇന്ത്യൻ കമ്പനി ആക്ട്സ് 1956, ഇടവക അവകാശം ഏറ്റെടുക്കൽ നിയമം 1955 തുടങ്ങിയ നിയമങ്ങളുടെയും, നിവേദിത പി. ഹരൻ, ജസ്റ്റിസ് എൽ. മനോഹരൻ തുടങ്ങിയ കമ്മീഷൻ റിപ്പോർട്ടുകളുടെയും, വിവിധ തിരുവിതാംകൂർ ലാൻറ് റവന്യൂ മാന്വലിന്റെയും, 1972ലെ സുപ്രീംകോടതി വിധിയുടെയും, ഹൈക്കോടതി വിധികളുടെയും അടിസ്ഥാനത്തിലാണ് ടാറ്റ-ഹാരിസൺ ഉൾപ്പടെയുള്ള കമ്പനികൾ ഇന്ത്യയുടെ പരമാധികാരത്തെ ചോദ്യം ചെയ്തുകൊണ്ടാണ് ഭൂമി കൈയ്യടക്കി വെച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കിയത്. കമ്പനികൾ അനധികൃതമായി കൈവശം വെയ്ക്കുന്ന ഈ ഭൂമി നിയമനിർമ്മാണത്തിലൂടെ ഏറ്റെടുത്ത് ഭൂരഹിതർക്ക് വിതരണം ചെയ്യണമെന്നും കാർഷിക ആവശ്യങ്ങൾക്കായി ഭൂമിയുടെ പുനർവിതരണം ശാസ്ത്രീയമായി നടപ്പിലാക്കണമെന്നും റിപ്പോർട്ടിൽ അദ്ദേഹം ഊന്നിപ്പറയുന്നു. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2015 ഡിസംബർ 30 ന് മറ്റൊരു ഉത്തരവിലൂടെ (GO (MS) No. 703 / 2015 /RD) അദ്ദേഹത്തെ ഹാരിസൻ മലയാളം പ്ലാന്റേഷൻസ് ഉൾപ്പടെയുള്ള കമ്പനികളുടെ ഭൂമി ഏറ്റെടുക്കുവാൻ അർദ്ധ ജുഡീഷ്യൽ അധികാരങ്ങളോടെ റവന്യൂ സ്പെഷ്യൽ ഓഫീസറായി നിയമിച്ചു. തുടർന്ന് ഹാരിസണിന്റെ കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി എന്നീ നാല് ജില്ലകളിലെ 38,051 ഏക്കർ ഭൂമി 2015 ൽ ഏറ്റെടുത്തുകൊണ്ട് അദ്ദേഹം ഭൂമിയേറ്റെടുക്കൽ നടപടിക്ക് തുടക്കം കുറിച്ചു. 2016 ൽ ഇടതുപക്ഷ സർക്കാർ അധികാരത്തിൽ വന്നതു മുതൽ അനധികൃത തോട്ടംഭൂമി ഏറ്റെടുക്കൽ നടപടികൾ നിലച്ചുതുടങ്ങി. അധികാരമേറ്റയുടൻ ഹാരിസൺ ഉൾപ്പടെയുള്ള ഭൂമിയേറ്റെടുക്കൽ കേസിൽ വിശദമായി പഠിക്കുകയും, കമ്പനികൾക്ക് വേണ്ടി തോട്ടം കേസുകൾ നിരന്തരം തോറ്റുകൊണ്ടിരുന്ന രീതിയ്ക്ക് വിഭിന്നമായി സർക്കാരിന് അനുകൂലമായി ഹൈക്കോടതിയിൽ നിന്ന് വിധി സമ്പാദിക്കുകയും യഥാസമയം കോടതിയിൽ സത്യവാങ്മൂലം നൽകി തെളിവുകൾ നിരത്തി വാദിക്കുകയും ചെയ്ത പബ്ലിക് പ്രോസിക്യൂട്ടർ സുശീല ആർ. ഭട്ടിനെ മാറ്റുകയാണ് സർക്കാർ ചെയ്തത്. ഇതിന്റെ തുടർച്ചയായാണ് ഭൂമിയേറ്റെടുക്കൽ നടപടികൾ അട്ടിമറിക്കുന്നതിനായി രാജമാണിക്യം റിപ്പോർട്ടിന് നിയമ സാധുതയില്ലെന്ന വസ്തുതാവിരുദ്ധമായ വാദം ഇപ്പോൾ നിയമവകുപ്പ് സെക്രട്ടറി ബി.ജി. ഹരീന്ദ്രനാഥ് സമർപ്പിച്ചിരിക്കുന്നത്.

രാജമാണിക്യം റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തോട്ടം കമ്പനികൾ അനധികൃതമായി കൈയ്യടക്കി വെച്ചിരിക്കുന്ന ഭൂമിയേറ്റെടുക്കുവാൻ നിർദ്ദേശങ്ങൾ ആരാഞ്ഞുകൊണ്ട് 2016 സെപ്റ്റംബർ 8 ന് റവന്യൂ വകുപ്പ് നിയ


മവകുപ്പിന് റിപ്പോർട്ട് നൽകിയിരുന്നു. ഇതിന് മറുപടിയായി 2017 ഏപ്രിൽ 4 ന് നിയമവകുപ്പ് സെക്രട്ടറി ബി.ജി. ഹരീന്ദ്രനാഥ് നൽകിയിരിക്കുന്ന റിപ്പോർട്ടിലാണ് രാജമാണിക്യം റിപ്പോർട്ട് ഏതൊക്കെ നിയമങ്ങളുടെ അടിസ്ഥാനത്തിലാണോ ഭൂമിയേറ്റെടുക്കണമെന്ന് ആവശ്യപ്പെട്ടിരുന്നത് ആ നിയമങ്ങൾ ക്കൊന്നും നിയമസാധുതയില്ലെന്ന് പറയുന്നത്. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് ഭൂമി ഏറ്റെടുക്കലിനെക്കുറിച്ച് നിയമസഭയിൽ നിരന്തരം ചോദ്യം ചോദിക്കുകയും ഭൂമിയേറ്റെടുക്കണമെന്ന് നിരന്തരം ആവശ്യപ്പെടുകയും ചെയ്തിരുന്ന എ.കെ. ബാലൻ ഇന്ന് നിയമവകുപ്പ് മന്ത്രിയാണ്. അതേ മന്ത്രിയുടെ വകുപ്പാണ് രാജമാണിക്യം റിപ്പോർട്ട് അട്ടിമറിക്കാൻ അതിലെ നിർദ്ദേശങ്ങൾ ദുർബലമാണെന്ന തരത്തിൽ ദുർവ്യാഖ്യാനം നടത്തിയിരിക്കുന്നത്! നിയമമന്ത്രി എ. കെ. ബാലനും മുഖ്യമന്ത്രി പിണറായി വിജയനും അറിയാതെ ഗുരുതരമായ ഇത്തരം ഒരു റിപ്പോർട്ട് നിയമവകുപ്പ് നൽകുകയില്ലെന്ന് വ്യക്തമാണ്.

**പ്രഹസനമാകുന്ന ഭൂമിയേറ്റെടുക്കൽ**

രാജമാണിക്യം റിപ്പോർട്ട് നിർദ്ദേശിച്ച സമഗ്രമായ നിയമനിർമ്മാണത്തിന് പകരം ആന്ധ്രപ്രദേശ് ലാൻഡ് ഗ്രാബിംഗ് ആക്ടിന്റെ മാതൃകയിൽ പുതിയ നിയമം കൊണ്ടുവരാനാണ് റവന്യൂ വകുപ്പ് ശ്രമിക്കുന്നത്. സർക്കാർ ഭൂമി അനധികൃതമായി കയ്യേറുകയും പിടിച്ചടക്കുകയും ചെയ്യുന്നവരെ അറസ്റ്റ് ചെയ്യുന്നതിനും ശിക്ഷിക്കുന്നതിനുമുള്ള നിയമമാണിത്. എന്നാൽ, സ്വാതന്ത്ര്യത്തിന് മുൻപ് വിദേശ കമ്പനികൾ നാട്ടുരാജ്യങ്ങളുമായി ഒപ്പുവച്ച കരാറിന്റെ അടിസ്ഥാനത്തിൽ ഇന്നും ഭൂമി കൈയ്യടക്കി വെച്ചിരിക്കുന്ന കമ്പനികളുടെ ഉടമസ്ഥത സംബന്ധിച്ച് തീർപ്പുകൽപ്പിക്കാനോ, നിയമവിരുദ്ധമായി ഭൂമി കയ്യേറിയവർക്കെതിരെ നടപടി സ്വീകരിക്കുവാനോ ഈ നിയമം അപര്യാപ്തമാണ്. മാത്രവുമല്ല, 1957ലെ കേരള ഭൂസംരക്ഷണ നിയമം ഈ നിയമത്തേക്കാൾ ശക്തവുമാണ്. സ്വാതന്ത്ര്യത്തിന് മുമ്പുള്ള കമ്പനികളുടെ ഭൂഉടമസ്ഥത പരിശോധിക്കാൻ ഡോ. എം.ജി. രാജമാണിക്യം ഐ.എ.എസിനെ സ്പെഷ്യൽ ഓഫീസറായി നിയമിക്കുന്നത് കേരള ഭൂസംരക്ഷണ നിയമപ്രകാരമാണ്. സർക്കാർ മൂന്നാറിലുൾപ്പടെ നടപടികൾ സ്വീകരിക്കുന്നതും ഈ നിയമത്തിന്റെ അടിസ്ഥാനത്തിലാണ്. നിലവിലുള്ള നിയമത്തെക്കാൾ ശക്തമായതും സമഗ്രമായതുമായ നിയമനിർമ്മാണം രാജമാണിക്യം റിപ്പോർട്ട് ആവശ്യപ്പെടുമ്പോൾ നിലവിലുള്ള നിയമത്തെക്കാൾ ദുർബലമായ ഒരു നിയമം നിർമ്മിക്കാൻ റവന്യൂ വകുപ്പ് നിർദ്ദേശിക്കുന്നത് നിയമനിർമ്മാണം എന്ന ആവശ്യത്തെ തന്ത്രപൂർവ്വം മറികടന്ന് ടാറ്റയുൾപ്പടെയുള്ള കുത്തകളെ സംരക്ഷിക്കുന്നതിനാണ് എന്നാണ് വ്യക്തമാകുന്നത്. സമഗ്രമായ നിയമ നിർമ്മാണം നടന്നാൽ ടാറ്റ–ഹാരിസൺ ഉൾപ്പടെയുള്ള കുത്തുകൾ അനധികൃതമായി കയ്യടക്കി വെച്ചിരിക്കുന്ന മുഴുവൻ ഭൂമിയും ഏറ്റെടുക്കേണ്ടി വരും.

കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിൽ നിലപാടുണ്ടെന്ന് പ്രത്യക്ഷത്തിൽ തോന്നുന്ന സി.പി.ഐക്കോ റവന്യൂ വകുപ്പിനോ ഇക്കാര്യത്തിൽ യാതൊരുവിധ താല്പര്യവുമില്ലെന്ന് കഴിഞ്ഞ 20 വർഷത്തെ അവരുടെ നടപടികൾ പരിശോധിച്ചാൽ മനസ്സിലാകും. ഈ സർക്കാർ അധികാരത്തിൽ വന്ന ഉടൻ പബ്ലിക് പ്രോസിക്യൂട്ടർ സുശീല ആർ. ഭട്ടിനെ മാറ്റുകയാണ് അവർ ചെയ്തത്. മാറ്റുമ്പോൾ സി.പി.ഐ പറഞ്ഞത് ഇതിലും മെച്ചപ്പെട്ട അഡ്വക്കേറ്റിനെ പബ്ലിക് പ്രോസിക്യൂട്ടറായി നിയമിക്കുമെന്നാണ്. പിന്നീട് പബ്ലിക് പ്രോസിക്യൂട്ടറായി കൊണ്ടുവന്ന രഞ്ജിത്ത് തമ്പാൻ മുൻ സർക്കാരിന്റെ കാലത്ത് ഹാരിസൺ ഭൂമി മുറിച്ച് വിറ്റ ആനന്ദവല്ലി കേസിൽ ഹാരിസണിന് വേണ്ടി ഹൈക്കോടതിയിൽ ഹാജരാകുകയും ഹാരിസൺ ഭൂമി സ്വകാര്യ ഭൂമിയാണെന്ന് വാദിക്കുകയും ചെയ്ത വ്യക്തിയാണ്. ഇത് ഏറെ വിവാദമായതിനെത്തുടർന്നാണ് രഞ്ജിത്ത് തമ്പാനെ മാറ്റുന്നതും പ്രേമചന്ദ്ര പ്രഭുവിനെ പബ്ലിക് പ്രോസിക്യൂട്ടർ ആയി കൊണ്ടുവരുന്നതും. എന്നാൽ കോടതിയിൽ ഇദ്ദേഹം കൃത്യസമയത്ത് സത്യവാങ്മൂലം നൽകാത്തതുകൊണ്ട് ഭൂമി ഏറ്റെടുക്കൽ കേസുകളിൽ സർക്കാരിന് പ്രതികൂലമായ വിധിയാണ് വന്നുകൊണ്ടിരിക്കുന്നത്.

2016 ജൂൺ 10 ന് ടി.ആർ. ആന്റ് ടി കമ്പനി കയ്യേറിയ 7500 ഏക്കർ ഭൂമി ഏറ്റെടുത്തുകൊണ്ട് സ്പെഷ്യൽ ഓഫീസർ രാജമാണിക്യം ഉത്തരവ് ഇറക്കിയിരുന്നു. ഈ നടപടി റദ്ദുചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 2016 ആഗസ്റ്റ് 11ന് കമ്പനി ഹൈക്കോടതിയെ സമീപിക്കുകയും, സർക്കാർ ഭാഗം വാദിക്കാൻ ആളില്ലാത്തതിനാലും സർക്കാർ അഡ്വക്കേറ്റ് സത്യവാങ്മൂലം നല്കാത്തതിനാലും 2016 ഒക്ടോബർ 21ന് കമ്പനിക്ക് അനുകൂലമായി ഹൈക്കോടതി രണ്ടുമാസത്തേക്ക് നടപടി സ്റ്റേ ചെയ്യുകയും ചെയ്തു. മാത്രവുമല്ല വൻകിട കുത്തകകൾ കൈവശം വെയ്ക്കുന്ന ഭൂമി ഏറ്റെടുത്തതുകൊണ്ട് സ്പെഷ്യൽ ഓഫീ



ഹാരിസൺ മലയാളം പ്ലാന്റേഷൻ കമ്പനിയും അതു പോലെയുള്ള മറ്റനവധി കമ്പനികളും എസ്റ്റേറ്റുകൾ സംബന്ധിച്ച് മുൻ ഉടമകളായ വിദേശ കമ്പിനികളുമായി ഉണ്ടാക്കിയ കരാറുകൾ പൊളിറ്റിക്കൽ കരാറുകളല്ലാത്തതിനാൽ Indian Independence Act-ലെ വ്യവസ്ഥകൾ ഇവിടെ ബാധകമാകുന്നതല്ല. അതുകൊണ്ട് തന്നെ Special Officer and Collector ശ്രീ. രാജമാണിക്യം IAS സമർപ്പിച്ച റിപ്പോർട്ടിൽ പറയുന്ന പ്രകാരം ഈ കരാറുകൾ നിയമസാധുത ഇല്ലാത്തവയല്ല. അതുകൊണ്ട് തന്നെ രാജമാണിക്യം റിപ്പോർട്ടിലെ നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കിയുള്ള നിയമനിർമ്മാണം സുപ്രീംകോടതി വിധികൾക്കെതിരാവുകയും ഭരണഘടനാനുസൃതമാവുകയുമില്ല

ഇൻഡിപെൻഡൻസ് ആക്ടിനെ കുറിച്ച് നിയമ സെക്രട്ടറിയുടെ റിപ്പോർട്ടിൽ പറയുന്ന ഭാഗം

സർ 2015 ഡിസംബർ 30 ഇറക്കിയ അതിപ്രധാന ഉത്തരവും കോടതി ഇതോടൊപ്പം സ്റ്റേ ചെയ്തു. ഈ സ്റ്റേ പിൻപറ്റിയാണ് ബ്രൈമൂർ കമ്പനിയുടെ 700 ഏക്കർ ഭൂമി ഏറ്റെടുത്ത സ്പെഷ്യൽ ഓഫീസറുടെ നടപടി 2016 ഒക്ടോബർ 20 ലും, ആർ.ബി.ടി (റായ് ബഹദൂർ ടാക്കൂർ)യുടെ 900 ഏക്കർ ഭൂമി ഏറ്റെടുത്ത നടപടി 2016 നവംബർ 16 ലും വാദിക്കാൻ ആളില്ലാതെ ഹൈക്കോടതി സ്റ്റേ ചെയ്യുന്നത്. ഏറ്റവും ഒടുവിൽ എ.വി.ടി കമ്പനിക്ക് അനുകൂലമായും വിധി വന്നിരിക്കുന്നു. ഭൂമിയേറ്റെടുക്കൽ കേസുകളിൽ ഇത്തരത്തിൽ പ്രതികൂലമായി വിധി വരുമ്പോഴും സി.പി.ഐയും സർക്കാരും ക്രിയാത്മകവും രാഷ്ട്രീയവുമായ നടപടികൾ സ്വീകരിക്കാതെ തോട്ടം കമ്പനികൾക്ക് വേണ്ടി നിശബ്ദത പാലിക്കുകയാണ്. രാജമാണിക്യം റിപ്പോർട്ടിന് നിയമസാധുതയില്ല എന്ന വിചിത്രമായ റിപ്പോർട്ട് നിയമവകുപ്പ് നൽകിയിരിക്കുന്നത് ഈ മൗനത്തിന്റെ തുടർച്ചയായി ത്തന്നെ വിലയിരുത്താം. ഹാരിസൺ ഭൂമി ഏറ്റെടുക്കുന്നതിന് ആറ് കമ്മീഷൻ റിപ്പോർട്ടുകൾ വന്നിട്ടും ഒരു നടപടിയുമെടുക്കാത്ത സർക്കാർ വീണ്ടും പുതിയ കമ്മീഷനുകളെ നിയോഗിക്കുന്നതിനുള്ള നീക്കമാണ് നടത്തുന്നത്. ദുർബലമായ വാദങ്ങളിലൂടെയും ഹാജരാകാതിരുന്നും കേസുകൾ അട്ടിമറിക്കുന്നു, ടാറ്റ കയ്യേറ്റം നടത്തിയിട്ടില്ല എന്ന നിലപാട് സ്വീകരിക്കുന്നു, ഏറ്റവും ഒടുവിൽ രാജമാണിക്യം റിപ്പോർട്ടിന്റെ അന്തസത്ത മുഴുവൻ ഇല്ലാതാക്കുന്ന തരത്തിൽ സമഗ്ര നിയമനിർമ്മാണം നടത്താതെ കേരള ഭൂസംരക്ഷണ നിയമത്തെക്കാൾ ദുർബലമായ ആന്ധ്ര ലാൻഡ് ഗ്രാബിംഗ് ആക്ടിന്റെ മാതൃകയിൽ നിയമം കൊണ്ടുവരുന്നതിന്റെ സാധുത നിയമവകുപ്പിനോട് ആരായുന്നു-ഇതെല്ലാം രാജമാണിക്യം റിപ്പോർട്ടിനെ അട്ടിമറിക്കാനുള്ള നീക്കമല്ലെങ്കിൽ പിന്നെന്താണ് ?

ഇന്ത്യക്ക് സ്വാതന്ത്ര്യം നൽകാൻ ബ്രിട്ടീഷ് പാർലമെൻറ് പാസാക്കിയ ഇന്ത്യൻ ഇൻഡിപെൻഡെൻസ് ആക്ടിന്റെ വകുപ്പ് ഏഴ് 1 (ബി) ഉപവകുപ്പ് പറയുന്നു.

"ഇന്ത്യൻ ഇൻഡിപെൻഡൻസ് ആക്ട് നിലവിൽ വന്നതോടുകൂടി വിദേശ ഭരണാധികാരികൾക്ക് ഇന്ത്യയിലുള്ള എല്ലാ അവകാശങ്ങളും നഷ്ടമാകുന്നതും വിദേശ ഭരണാധികാരികളും നാട്ടുരാജ്യങ്ങളും തമ്മിൽ ഒപ്പുവെച്ചിട്ടുള്ള ഉടമ്പടികളും അവകാശങ്ങളും അതിനാൽ റദ്ദ് ആകുന്നതും ആയിരിക്കും". ഈ നിയമപരമായ സാധുതയിൽ നിന്നുകൊണ്ടാണ് വിദേശ കമ്പനികൾ ഇന്ത്യൻ നാട്ടുരാജ്യമായ തിരുവിതാംകൂറുമായി സ്വാതന്ത്ര്യത്തിന് മുൻപ് ഉണ്ടാക്കിയ കരാറിന് നിയമസാധുതയില്ലെന്ന് രാജമാണിക്യം റിപ്പോർട്ട് വ്യക്തമാക്കിയത്.

എന്നാൽ ഇന്ത്യൻ നാട്ടുരാജ്യങ്ങളും ബ്രിട്ടീഷ് കമ്പനികളുമായി ഉണ്ടാക്കിയ കരാർ രാഷ്ട്രീയകരാർ അല്ലായെന്നും ഈ വകുപ്പ് രാഷ്ട്രീയകരാറിന് മാത്രമാണ് ബാധകമെന്ന വാദമാണ് നിയമവകുപ്പ് മുന്നോട്ടുവയ്ക്കുന്നത്. സ്വാതന്ത്ര്യത്തിന് മുൻപ് പരമാധികാര സ്റ്റേറ്റ് ആയിരുന്ന നാട്ടുരാജ്യങ്ങളും വിദേശകമ്പനികളുമായി വ്യക്തമായ വ്യവസ്ഥയുടെയും, തിരുവിതാംകൂർ നിയമസംഹിതയായിരുന്ന 'ട്രാവൻകൂർ സ്റ്റേറ്റ് മാന്വലി'ന്റെയും അടിസ്ഥാനത്തിൽ നിർമ്മിച്ച കരാർ രാഷ്ട്രീയ കരാർ അല്ലെന്ന് നിയമവകുപ്പ് പറയുന്നത് നിയമവിരുദ്ധമാണ്. സ്വാതന്ത്ര്യത്തിന് മുൻപ് ഉണ്ടാക്കിയതാണെങ്കിലും 'രാഷ്ട്രീയ കരാർ' അല്ലാത്തവ സ്വാതന്ത്ര്യാനന്തരവും നിലനിൽക്കുമെന്ന നിയമവകുപ്പിന്റെ വാദത്തെ സാധൂകരിക്കാൻ അവർ ഉദാഹരണമായി റിപ്പോർട്ടിൽ പറയുന്നത് കേരള-തമിഴ്നാട് മുല്ലപ്പെരിയാർ കേസുമായി ബന്ധപ്പെട്ടുണ്ടായ സുപ്രീം കോടതി വിധിയാണ്. 1886 ൽ മദ്രാസ് സ്റ്റേറ്റ് സെക്രട്ടറി ജെ.സി. ഹാന്നിംഗ്ടണും തിരുവിതാംകൂർ ദിവാൻ വി. രാം അയ്യങ്കാറും ഉണ്ടാക്കിയ കരാർ ജലവിതരണവുമായി ബന്ധപ്പെട്ടത് മാത്രമായിരുന്നു. സ്വാതന്ത്ര്യാനന്തരം മദ്രാസ് റെസിഡൻസി തമിഴ്നാടിന്റെ ഭാഗവും തിരുവിതാംകൂർ കേരളത്തിന്റെ ഭാഗവുമാണ്. മാത്രമല്ല 1970 ൽ സി. അച്യുതമേനോൻ മുഖ്യമന്ത്രിയായിരിക്കുമ്പോൾ ഈ കരാർ പുതുക്കുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് തന്നെ ഇന്ത്യയിലെ രണ്ട് സംസ്ഥാനങ്ങൾ തമ്മിലുള്ള കരാർ സ്വാതന്ത്ര്യത്തിന് മുൻപ് ഉള്ളതാണെങ്കിലും നിലനിൽക്കുമെന്ന സുപ്രീം

⇨ *യാഥാർത്ഥത്തിൽ രാജമാണിക്യം സ്ഥാപിച്ച വാദങ്ങൾ ശരിയാണെന്ന് പറയാതെ പറയുകയാണ് നിയമ വകുപ്പ്* ⇨

*determine for his own or its own purpose whether the Reserve Bank was right or wrong in granting permission under Section 29(1) of the Act*

മേലിപറഞ്ഞ വിധിന്യായ പ്രകാരം റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യക്ക് മാത്രമേ വിദേശ കമ്പനികളുമായുള്ള കരാറുകളും പണമിടപാടുകളും അതിനെ തുടർന്നുണ്ടാകുന്ന തർക്കങ്ങൾക്ക് തീർപ്പുകല്പിക്കാനും ഉള്ള അധികാരമുള്ളൂ. മറ്റൊരു അധികാര സ്ഥാനത്തെ ഒരു നിയമം വഴി ചുമതലപ്പെടുത്തുന്നത് ഫെറ ആക്റ്റിന്റെ ലംഘനമാവുന്നതാണ്. അപ്രകാരം ഉണ്ടാക്കുന്ന നിയമത്തിന് നിയമ സാധുത ഉണ്ടായിരിക്കുന്നതല്ല.

ഫെറ നിയമത്തെക്കുറിച്ച് നിയമ സെക്രട്ടറിയുടെ റിപ്പോർട്ടിൽ പറയുന്ന ഭാഗം


കോടതി വിധി ശരിയുമാണ്. പക്ഷെ അത് എങ്ങനെയാണ് ബ്രിട്ടീഷ് നിയമപ്രകാരം ബ്രിട്ടനിൽ രജിസ്റ്റർ ചെയ്യുകയും സ്വാതന്ത്ര്യത്തിന് ശേഷം വ്യാജ ആധാരത്തിലൂടെയും ബിനാമി ഇടപാടുകളിലൂടെയും തോട്ടംഭൂമി കൈക്കലാക്കുകയും ചെയ്ത വിദേശ കമ്പനികൾക്ക് ബാധകമാകുന്നത്? ബ്രിട്ടീഷ് കമ്പനികളും തിരുവിതാംകൂറുമായി ഉണ്ടാക്കിയ കരാർ വ്യാപാരകരാർ അല്ലായിരുന്നു. പാട്ടക്കരാർ ആയിരുന്നു. പ്രത്യേകിച്ച് വ്യാപാരവുമായി ബന്ധപ്പെട്ട് ഇവിടെ എത്തിയ കമ്പനികൾ പതുക്കെ പതുക്കെ നാട്ടുരാജ്യങ്ങളുടെ രാഷ്ട്രീയവും ആഭ്യന്തരവുമായ കാര്യങ്ങളിൽ ഇടപെട്ടുകൊണ്ട് ഭരണാധികാരികൾ കൂടിയായി മാറിയ സാഹചര്യത്തിൽ ആ കരാറുകൾ രാഷ്ട്രീയ കരാറുകൾ അല്ലെന്ന സംശയം നിയമവകുപ്പിന് മാത്രമേ ഉണ്ടാകാൻ സാധ്യതയുള്ളു.

### ഫെറ നിയമത്തിന്റെ പ്രസക്തി

രാജമാണിക്യം റിപ്പോർട്ട് നിർദ്ദേശിച്ച നിയമനിർമ്മാണം 'ഫെറ നിയമത്തിന്റെ ലംഘനമാകും' എന്ന വളരെ അവ്യക്തമായ റിപ്പോർട്ടാണ് നിയമവകുപ്പ് നൽകിയിരിക്കുന്നത്. യഥാർത്ഥത്തിൽ രാജമാണിക്യം സ്ഥാപിച്ച വാദങ്ങൾ ശരിയാണെന്ന് പറയാതെ പറയുകയാണ് നിയമ വകുപ്പ് ചെയ്യുന്നത്.

ടാറ്റ-ഹാരിസൺ കൈവശപ്പെടുത്തിയ ഭൂമി അനധികൃതവും നിയമവിരുദ്ധവുമാണെന്ന് ഫെറ നിയമത്തിന്റെ അടിസ്ഥാനത്തിലും, ഹാരിസൺ വ്യാജ ആധാരത്തിലൂടെയാണ് റവന്യൂ ഭൂമി കൈയ്യടക്കി വെച്ചിരിക്കുന്നതെന്ന് തെളിവുകളുടെ അടിസ്ഥാനത്തിലുമാണ് രാജമാണിക്യം റിപ്പോർട്ട് സ്ഥാപിച്ചിരിക്കുന്നത്. 1897 ൽ ബ്രിട്ടീഷ് കമ്പനി നിയമ പ്രകാരമാണ് സ്കോട്ട്ലൻഡിൽ രജിസ്റ്റർ ചെയ്യപ്പെട്ട 'ദി കണ്ണൻ ദേവൻ ഹിൽസ് പ്രൊഡ്യൂസിംഗ് കമ്പനി' നിലവിൽ വരുന്നത്. 1973 ൽ ഫെറ നിയമം വന്നതോടെ വിദേശ കമ്പനികൾക്ക് ഇന്ത്യൻ മണ്ണിൽ ഭൂമി കയ്യടക്കി വെക്കാൻ കഴിയില്ല എന്ന് വ്യവസ്ഥ ചെയ്യപ്പെട്ടു. തുടർന്ന് ഇന്ത്യയിൽ പിടിച്ച് നിൽക്കാൻ കഴിയില്ല എന്ന് മനസ്സിലാക്കിയ കണ്ണൻ ദേവൻ പ്രൊഡ്യൂസ് കമ്പനി, ആംഗ്ലോ അമേരിക്കൻ ഡയറക്ട് ടീ ട്രേഡിംഗ് കമ്പനി, അമാൽഗമേറ്റഡ് ടി എസ്റ്റേറ്റ് കമ്പനി എന്നീ കമ്പനികൾ 1976 വരെ കൈവശം വെച്ചിരുന്ന ഭൂമി 1977 ഏപ്രിൽ 18 ന് ടാറ്റ ഫിൻലെ മുയിർ എന്ന പുതിയ കമ്പനിയിലേക്ക് സ്വത്തുക്കൾ ഉൾപ്പെടെ മാറ്റുന്നത്. ദേവികുളം സബ് രജിസ്റ്റർ ഓഫീസ് വഴിയാണ് 1.83 കോടി രൂപയ്ക്ക് 95,783.94 ഏക്കർ ഭൂമി ടാറ്റ ഫിൻലെ കമ്പനിയിലേക്ക് ഇവർ മാറ്റുന്നത്. 1973 ലെ ഫെറ നിയപ്രകാരം ഒരു വിദേശ കമ്പനിയുടെ ഭൂമി കൈമാറ്റത്തിന് ആർ.ബി. ഐയുടെ അറിവിലൂടെ മാത്രമേ നിയമസാധുത ലഭ്യമാകുകയുള്ളു. എന്നാൽ 1977 ൽ നടന്ന ഭൂമി കൈമാറ്റം ആർ.ബി.ഐയുടെ അനുമതിയോടെ ആയിരുന്നില്ല. മാത്രമല്ല റെജിസ്ട്രേഷൻ ആക്ട്, കേരള സ്റ്റാമ്പ് ആക്ട്, 1964 ലെ കേരള റവന്യൂ ആക്ട് തുടങ്ങിയ ഒരു നിയമങ്ങൾക്കും ബാധകമായല്ല ടാറ്റയിലേക്ക് ഈ ഭൂമി കൈമാറ്റം നടന്നത്. അനധികൃതമായി ഭൂമി കൈയ്യടക്കി വെച്ചിരുന്ന വിദേശ കമ്പനിയായ കണ്ണൻ ദേവൻ ഹിൽസ് പ്രൊഡ്യൂസിംഗ് കമ്പനിക്ക് ഭൂമി നഷ്ടപ്പെടും എന്ന് ബോധ്യപ്പെട്ട സാഹചര്യത്തിൽ ആണ് ഇന്ത്യൻ കമ്പനിയായ ടാറ്റായുമായി ചേർന്ന് ടാറ്റ ഫിൻലെ കമ്പനിയിലേക്ക് ഭൂമി കൈമാറ്റം നടത്തുന്നത്. മാത്രവുമല്ല വിദേശ കമ്പനിയായ ദി കണ്ണൻ ദേവൻ ഹിൽസ് പ്രൊഡ്യൂസിംഗ് കമ്പനി കൈവശം വെച്ചിരിക്കുന്ന ഭൂമിയേറ്റെടുക്കുവാൻ കേരള സർക്കാർ 1971 ൽ കണ്ണൻദേവൻ ഭൂമിയേറ്റെടുക്കൽ (ഭേദഗതി) നിയമം പാസാക്കുകയും ഇതിനെ കമ്പനി സുപ്രീം കോടതിയിൽ ചോദ്യം ചെയ്യുകയും ചെയ്തു. എന്നാൽ 1972 ദി കണ്ണൻ ദേവൻ ഹിൽസ് പ്രൊഡ്യൂസിംഗ് കമ്പനി കൈവശം വെയ്ക്കുന്ന 1,27,904 ഏക്കർ ഭൂമിയും സർക്കാർ ഭൂമി ആണെന്നും ഭൂമി എത്രയും പെട്ടെന്ന് ഏറ്റെടുക്കണമെന്നും കോടതി വിധിച്ചു.

അപകടം മനസ്സിലാക്കിയ കമ്പനി ഭൂപരിഷ്കരണ നിയമത്തിലെ കൈവശ കൃഷിക്കാരൻ (Cultivating Tenant) എന്ന പഴുതിലൂടെ ലാൻഡ് ബോർഡിനെ പാട്ടഭൂമിക്കായി സമീപിച്ചു. ലാൻഡ് ബോർഡ് കൃഷി ആവശ്യത്തിന് മാത്രമായി എന്ന കർശന വ്യവസ്ഥകളോടെയാണ് 57,250 ഏക്കർ ഭൂമി കമ്പനിക്ക് പാട്ടത്തിന് നൽകുന്നത്. ഈ ഭൂമിയുൾപ്പടെയാണ് 1977ൽ ടാറ്റയിലേക്ക് കൈമാറ്റം ചെയ്


categorizing the property as a Government land, the Special Officer must address to the fact that whether the Government is in legal possession of the property. Thus the Special Officer has to bear in mind the distinction between occupation and possession while deciding the preliminary issue raised by the petitioner."

മേൽപ്പറഞ്ഞ വിധിന്യായങ്ങൾ പ്രകാരം സർക്കാർ ഭൂമിയിലുള്ള അനധികൃത കൈവശം (Unauthorised Occupation) Land Conservancy Act-ലെ വ്യവസ്ഥകൾ പ്രകാരം ഒഴിപ്പിക്കാവുന്നതാണ്. എന്നാൽ പ്രസ്തുത ഭൂമിയുടെ കൈവശം (Possession) മാത്രം അപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് അധികാരപ്പെടുത്തുന്നില്ല. കൈവശം ഏതുപ്രകാരമുള്ളതാണെന്ന് തീരുമാനിക്കാതെ, അത്തരത്തിലുള്ള നടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ല. കൂടാതെ പാട്ടക്കാലാവധി


അനധികൃത കൈവശത്തെക്കുറിച്ച് നിയമ സെക്രട്ടറിയുടെ റിപ്പോർട്ടിൽ പറയുന്ന ഭാഗം

തത്. 1972 ലെ സുപ്രീം കോടതി വിധിക്ക് ശേഷം 57,250 ഏക്കർ ഭൂമി പാട്ടത്തിന് ലഭിച്ച കമ്പനിയ്ക്ക് എങ്ങനെയാണ് 95783.94 ഏക്കർ ഭൂമി ടാറ്റ ഫിൻലെ കമ്പനിയ്ക്ക് വിൽക്കാൻ കഴിയുന്നത് ? പാട്ടത്തിന് നൽകിയ ഭൂമി കൃഷി ആവശ്യത്തിനല്ലാതെ മറിച്ച് വിൽക്കുവാൻ കണ്ണൻ ദേവൻ ഹിൽസ് പ്രൊഡ്യൂസിംഗ് കമ്പനിക്ക് യാതൊരു അധികാരവും ഇല്ല. അനധികൃത ഭൂമി കൈയ്യേറ്റത്തിന്റെയും ഭൂമി മുറിച്ച് വിൽക്കലിന്റെയും അടിസ്ഥാനത്തിൽ കേരള ഭൂസംരക്ഷണ നിയമ പ്രകാരം ഒമ്പത് എഫ്.ഐ.ആർ ആണ് ടാറ്റയ്ക്കെതിരെ വിജിലന്റ്സ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. കമ്പനിയുടെ സീലോ, ഒപ്പോ ഇല്ലാത്ത ടാറ്റായുടെ വ്യാജ ആധാരം ഇപ്പോൾ വിജിലന്റ്സിന്റെ പക്കലാണ് ഉള്ളത്. ഇടതുപക്ഷ സർക്കാർ അധികാരത്തിൽ എത്തിയതിന് ശേഷം ടാറ്റക്കെതിരെയുള്ള വിജിലന്റ്സ് കേസുകളെല്ലാം നിലച്ചിരിക്കുകയാണ്.

ചുരുക്കിപ്പറഞ്ഞാൽ ടാറ്റ കൈവശ കൃഷിക്കാരൻ (Cultivating Tenant) എന്ന നിലയിൽ ഭൂമി കൈവശം വെച്ചിരിക്കുന്നത് നിയമവിരുദ്ധവും അനധികൃതവുമാണ് എന്ന് ഫെറ നിയമത്തിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം സ്ഥാപിക്കുകയാണ് ചെയ്തത്. എന്നാൽ ഇതിന്റെ വിശദാംശങ്ങൾ നൽകാതെ അല്ലെങ്കിൽ രാജമാണിക്യം റിപ്പോർട്ട് പറയുന്നത് ശരിയാണെന്ന് പറയാതെ 'ഫെറ നിയമത്തിന്റെ ലംഘനം ആകും' എന്ന അവ്യക്തത സൃഷ്ടിക്കാനാണ് നിയമവകുപ്പ് ശ്രമിക്കുന്നത്. ഫെറ നിയമത്തിന്റെ അടിസ്ഥാനത്തിൽ രാജമാണിക്യം ഉന്നയിച്ച നിയമപരമായ വാദങ്ങൾ ശരിവെച്ചാൽ ഏറ്റെടുക്കേണ്ടി വരുന്നത് ടാറ്റയുടെ ഭൂമിയായിരിക്കുമല്ലോ.

നിയമ വകുപ്പ് നൽകിയിരിക്കുന്ന റിപ്പോർട്ടിലെ ഏറ്റവും ഗുരുതരമായ വീഴ്ച ഹാരിസൺ ഉൾപ്പടെയുള്ളവർ ഭൂമി കൈവശപ്പെടുത്തിയിരിക്കുന്നത് അനധികൃതമല്ലെന്നും (unauthorised occupation) കൈവശപ്പെടുത്തൽ (pocession) ആണെന്നുമുള്ളതാണ്. ഹാരിസണിന്റെ 'കുടിയാൻ' എന്ന വാദത്തെ തള്ളിക്കൊണ്ടും വ്യാജ ആധാരത്തിലൂടെയാണ് ഭൂമി കയ്യടക്കിയതെന്നും ബോധ്യപ്പെട്ടതുകൊണ്ടുമാണ് ഹാരിസൺ ഭൂമി ഏറ്റെടുക്കാൻ 2013 ഫെബ്രുവരി 16 ലെ ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ വിധി വരുന്നത്. ഈ വിധിയുടെ അടിസ്ഥാനത്തിൽ സ്പെഷ്യൽ ഓഫീസർ ഡോ. എം.ജി. രാജമാണിക്യം ഹാരിസണിന്റെ കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി എന്നീ നാല് ജില്ലകളിലെ 38,051 ഏക്കർ ഭൂമി ഏറ്റെടുത്തുകൊണ്ട് ഉത്തരവിറക്കുന്നത്. ഈ ഭൂമി ഏറ്റെടുക്കലിനെയും ഹാരിസൺ ഹൈക്കോടതിയിൽ ചോദ്യം ചെയ്തു. എന്നാൽ ഭൂമി ഏറ്റെടുക്കലിനെ പൂർണ്ണമായും ശരിവെച്ചുകൊണ്ട് ഹാരിസൺ അനധികൃതവും നിയമവിരുദ്ധവുമായാണ് ഭൂമി കൈവശപ്പെടുത്തിയിരുന്നതെന്ന് 2015 നവംബർ 26 ന് ഹൈക്കോടതി സിംഗിൾ ബെഞ്ചിന്റെ വിധിവന്നു. ഈ ഹൈക്കോടതി വിധികളേയും നാളിതുവരെയുള്ള കോടതി നടപടികളെയും അട്ടിമറിക്കുന്ന നീക്കമാണ് നിയമവകുപ്പ് ഇപ്പോൾ നടത്തുന്നത്. ഇന്ത്യൻ നിയമ വ്യവസ്ഥയെ വെല്ലുവിളിച്ചുകൊണ്ട് തോട്ടം കുത്തകളെ രക്ഷിക്കാൻ നിയമവകുപ്പും നിയമ സെക്രട്ടറി ബി.ജി. ഹരീന്ദ്രനാഥും ശ്രമിക്കുന്നതിന് പിന്നിലെ താല്പര്യം അന്വേഷണവിധേയമാക്കേണ്ടതുണ്ട്. മാത്രമല്ല, കോടതിയെപ്പോലും തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ റിപ്പോർട്ട് നൽകിയ നിയമ സെക്രട്ടറിക്കെതിരെ നിയമനടപടി സ്വീകരിക്കേണ്ടതുമാണ്.

ഭൂപരിഷ്കരണത്തിന്റെ ഏറ്റവും വലിയ പരാജയമായിരുന്നു തോട്ടം മേഖലയെ ഭൂപരിധിയിൽ നിന്ന് ഒഴിവാക്കിയത്. ഈ യാഥാർത്ഥ്യം തിരിച്ചറിഞ്ഞതുകൊണ്ടാണ് രാജമാണിക്യം എല്ലാ എസ്റ്റേറ്റുകളെയും ഭൂപരിധിക്കുള്ളിലേക്ക് കൊണ്ടുവന്ന് അധികഭൂമി തിരിച്ചുപിടിക്കുന്നതിന് ഭൂപരിഷ്കരണ നിയമം ഭേദഗതി ചെയ്യണമെന്ന് റിപ്പോർട്ടിൽ നിർദ്ദേശിച്ചത്. ഈ വസ്തുതയെ മറച്ചുവെച്ചുകൊണ്ടാണ് നിയമവകുപ്പ് ഭൂപരിഷകരണ നിയമത്തിൽ തോട്ടംഭൂമി വരില്ലെന്ന പതിവ് പല്ല


3-ാം വകുപ്പ് പ്രകാരം കുടിയായ്മയുടെയും ജന്മിയുടെ അവകാശം നിക്ഷിപ്തമാകുന്നതിനെ കുറിച്ചുള്ള വ്യവസ്ഥകൾ 30 ഏക്കറിൽ കൂടുതൽ വിസ്തീർണ്ണമുള്ള പ്ലാന്റേഷനുകൾക്കും എസ്റ്റേറ്റുകൾക്കും ബാധകമല്ല. അതുകൊണ്ട് തന്നെ സ്വകാര്യവ്യക്തികളിൽ നിന്ന് പാട്ടത്തിനെടുത്ത പ്ലാന്റേഷനുകളുടെ വിസ്തീർണ്ണം 30 ഏക്കറോ കൂടുതലോ ആണെങ്കിൽ ജന്മിയുടെ അവകാശം മറ്റ് ഭൂമിയെ പോലെ 72-ാം വകുപ്പ് പ്രകാരം ഗവൺമെന്റിൽ നിക്ഷിപ്തമാകുകയില്ല. അതുകൊണ്ട് 30 ഏക്കറിൽ കൂടുതൽ വിസ്തീർണ്ണമുള്ള പ്ലാന്റേഷനുകളുടെ ജന്മാവകാശം ജന്മിയിലും പാട്ടാവകാശം പാട്ടക്കാരനിലും നിക്ഷിപ്തമാകുകയും അവയെ സംബന്ധിക്കുന്ന നിയമം Transfer of Property Act-ലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ മാത്രമായിരിക്കുന്നതും ആണ്. കുടിയായ്മ അവസാനിപ്പിക്കുന്നത് Transfer of Property Act-ന്റെ 111-ാം വകുപ്പ് പ്രകാരമാണ്. Transfer of Property Act-ന്റെ 117-ാം വകുപ്പ് പ്രകാരം പ്ലാന്റേഷനുകൾ കൃഷി ആവശ്യത്തിന് ഉപയോഗിക്കുന്നതാകയാൽ സർക്കാരിന് പ്രസ്തുത ആക്റ്റിന്റെ പരിധിയിൽ നിന്നും അവയെ ഒരു നോട്ടിഫിക്കേഷൻ മുഖേന ഒഴിവാക്കാവുന്നതാണ്.

ഭൂപരിഷ്കരണ നിയമം ബാധകമല്ലെന്ന് നിയമ സെക്രട്ടറിയുടെ റിപ്പോർട്ടിൽ പറയുന്ന ഭാഗം

വി ആവർത്തിക്കുന്നത്. 1970 ൽ ഭൂപരിഷ്കരണ നിയമം നടപ്പിലാക്കുമ്പോൾ ഹാരിസൺ ഇന്ന് കൈയ്യടക്കി വെച്ചിരിക്കുന്ന ഭൂമിയുടെ ഉടമസ്ഥത ബ്രിട്ടീഷ് കമ്പനിയിൽ ആയിരുന്നു. 1963 ലെ ഭൂപരിഷ്കരണ നിയമം 8 (3) വകുപ്പ് പ്രകാരം സർക്കാർ മിച്ചഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിന് മുൻപ് ഭൂമി കൈമാറ്റം പാടില്ലെന്ന വ്യവസ്ഥയും കമ്പനി ലംഘിച്ചു. 1978 വരെ ഭൂമി കൈവശം വെച്ചിരുന്ന ബ്രിട്ടീഷ് കമ്പനി എങ്ങനെ കൈവശ കൃഷിക്കാരൻ ആകും. ഹാരിസൺ ഉൾപ്പടെയുള്ള കമ്പനികൾ കോടതിയിൽ പറഞ്ഞിരുന്നത് തങ്ങൾ 'കുടിയാൻ' ആണെന്നാണ്. ഇതേ വാദം നിയമവകുപ്പും ആവർത്തിക്കുന്നതിൽ നിന്ന് ഇവരുടെ താല്പര്യം വ്യക്തമാണ്.

ഭൂമി ഏറ്റെടുക്കലിനായി രൂപം കൊടുത്ത 1999 ലെ സുമിത എൻ. മേനോൻ റിപ്പോർട്ട്, 2005 ലെ നിവേദിത പി. ഹരൻ റിപ്പോർട്ട്, ജസ്റ്റിസ് എൽ. മനോഹരൻ കമ്മറ്റി റിപ്പോർട്ട്, 2010 ഡി. സജിത് ബാബു റിപ്പോർട്ട് തുടങ്ങി ഒടുവിൽ ഡോ. എം.ജി. രാജമാണിക്യം റിപ്പോർട്ട് വരെ യാതൊരു നടപടിയും സ്വീകരിക്കാതെ വീണ്ടും ഒരു അന്വേഷണ കമ്മീഷനെ നിയമിക്കാൻ നിയമവകുപ്പ് നിർദ്ദേശിക്കുന്നത് രാജമാണിക്യം റിപ്പോർട്ട് തള്ളാനുള്ള നീക്കമാണെന്ന് വ്യക്തം. കോടതി വ്യവഹാരങ്ങളിൽ ഇടപെടാതെയും കോടതിയിൽ തെളിവുകളും സത്യവാങ്മൂലവും നൽകാത്ത അഡ്വക്കേറ്റ് ജനറൽ ഓഫീസിനെതിരെ നടപടി സ്വീകരിക്കാതെയും തോട്ടം കുത്തകകളെ രക്ഷിക്കുന്നതിനുള്ള നിലപാടാണ് സർക്കാരും റവന്യൂ വകുപ്പും സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ടാണ് സുശീല ആർ. ഭട്ട് പബ്ലിക് പ്രോസിക്യൂട്ടർ ആയിരുന്ന സമയത്ത് ഒഴികെ തോട്ടം ഏറ്റെടുക്കൽ കേസുകളിൽ പ്രതികൂലമായ വിധി വന്നുകൊണ്ടിരിക്കുന്നത്. ഈ സാഹചര്യത്തിൽ കോടതി വ്യവഹാരങ്ങളിലൂടെ തോട്ടംഭൂമി ഏറ്റെടുക്കൽ പരിഹരിക്കണമെന്ന് നിയമ വകുപ്പ് നിർദ്ദേശിക്കുന്നത് ടാറ്റ-ഹാരിസൺ ഉൾപ്പെടെയുള്ള കമ്പനികളെ രക്ഷിക്കുന്നതിനാണെന്ന് വ്യക്തം. തോട്ടം കമ്പനികൾക്ക് കോടതികളിൽ നിന്ന് അനുകൂലമായ വിധി ലഭിച്ചാൽ, 'കോടതി ഉത്തരവല്ലേ; സർക്കാരിന് എന്തുചെയ്യാൻ കഴിയും' എന്ന് പറഞ്ഞ് കൈയ്യൊഴികയും ചെയ്യാം.

## സി.പി.എം – സി.പി.ഐ സംഘർഷം സംരക്ഷിക്കുന്നത് ആരെ?

തോട്ടം ഭൂമി ഏറ്റെടുക്കേണ്ട ഘട്ടത്തിലെല്ലാം സി.പി.എം -സി.പി.ഐ മുന്നണി തർക്കത്തിലൂടെ അത് അട്ടിമറിക്കപ്പെടുന്നത് അത്ര സ്വാഭാവികമായ ഒരു രാഷ്ട്രീയ പ്രക്രിയയല്ല. ഭൂമി ഏറ്റെടുക്കൽ നടപടികളുടെ നാൾവഴികൾ പരിശോധിച്ചാൽ, ഇടതുപക്ഷം അധികാരത്തിലുള്ളപ്പോഴാണ് ഭൂമി ഏറ്റെടുക്കൽ നടപടി ഉണ്ടാകുന്നതെങ്കിൽ ഈ പാർട്ടികൾക്കിടയിൽ മുന്നണി തർക്കം രൂക്ഷമാകുന്നത് കാണാം. ഇ.എം.എസിന്റെ നേതൃത്വത്തിലെ ആദ്യ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ 1957 ൽ കൊണ്ടുവന്ന കാർഷിക ബന്ധ ബില്ലിൽ തുടങ്ങി ഭൂപരിഷ്കരണ നിയമവും, 1971ലെ ടാറ്റ ഭൂമി ഏറ്റെടുക്കൽ നിയമവും വന്നപ്പോഴും, ഭൂമിയേറ്റെടുക്കാൻ ശുപാർശ ചെയ്യുന്ന 1999 ലെ സുമിത പി. മേനോൻ റിപ്പോർട്ട് മുതൽ ഡോ. രാജമാണിക്യം റിപ്പോർട്ടുവരെ സമർപ്പിക്കപ്പെട്ടപ്പോഴും, 2007 ൽ വി.എസ് സർക്കാർ മൂന്നാറിലെ ടാറ്റയുടെ ഭൂമിയേറ്റടുക്കാൻ നടപടി തുടങ്ങിയപ്പോഴും, അർദ്ധ ജുഡീഷ്യൽ അധികാരത്തോടെ 2015 ൽ സ്പെഷ്യൽ ഓഫീസറായി നിയോഗിക്കപ്പെട്ട ഡോ.രാജമാണിക്യം ഭൂമിയേറ്റെടുക്കൽ ആരംഭിച്ചപ്പോഴും, ഏറ്റവും ഒടുവിൽ മൂന്നാർ സബ് കളക്ടർ ശ്രീറാം വെങ്കിട്ടരാമൻ മൂന്നാറിൽ അധികൃത തോട്ടംഭൂമിയും റിസോർട്ടുകളും ഏറ്റെടുക്കാൻ നടപടി ആരംഭിച്ചപ്പോഴും സി.പി.എം -സി.പി.ഐ മുന്നണി സംഘർഷം രൂക്ഷമാകുന്നതായി കാണാം. ഇതിന്റെ തുടർച്ചയായാണ് 2017 ജൂലൈ 5 ന് മൂന്നാറിൽ അനധികൃത ഭൂമിയേറ്റെടുക്കലിന് തുടക്കം കുറിച്ച ശ്രീറാം വെങ്കിട്ടരാമനെ സർക്കാർ ക്യാബിനിറ്റ് കൂടി മാറ്റുന്നത്. ഇത് അ

ത്ര സ്വഭാവികമായി സംഭവിക്കുന്ന ഒന്നല്ല. കമ്പനികൾ കൈവശം വെയ്ക്കുന്ന അനധികൃത ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാർ തലത്തിൽ നയപരമായ രാഷ്ട്രീയ തീരുമാനമാണ് ഉണ്ടാകേണ്ടത്. സമവായത്തിലൂടെയും രാഷ്ട്രീയ ഇച്ഛാശക്തിയിലൂടെയും തീരുമാനം ഉണ്ടാകേണ്ട ഘട്ടത്തിൽ അതിന് യാതൊരു ഇടവും നൽകാതെ സർക്കാർ തലത്തിലും ഇടതുമുന്നണിയ്ക്കുള്ളിലും 'സംഘർഷം സൃഷ്ടിച്ച്' ഭൂമിയേറ്റെടുക്കൽ നടപടി അട്ടിമറിക്കുകയാണ് സി.പി.ഐ യും സി.പി.എമ്മും ചെയ്യുന്നത്. അധികാരം കൈയ്യാളുന്ന പ്രബല പാർട്ടിക്കുള്ളിൽ രൂക്ഷമാകുന്ന തർക്കം വാർത്തയാക്കാനാണ് മുഖ്യധാര മാധ്യമങ്ങൾക്കും താത്പര്യം. അതോടു

> കേരളത്തിലെ ദളിതരുടെ 79 ശതമാനവും 26,193 കോളനികളിലായാണ് കഴിയുന്നത്. 8200 കോളനികളിൽ ആദിവാസികളും 10,000 ൽ അധികം ലയങ്ങളിൽ തോട്ടം തൊഴിലാളികളും 522 കോളനികളിൽ മത്സ്യത്തൊഴിലാളികളും ഒരുതുണ്ട് ഭൂമിയില്ലാതെ കഴിയുമ്പോഴാണ് കേരളത്തിന്റെ 58 ശതമാനം റവന്യൂ ഭൂമി തോട്ടം കമ്പനികൾ വ്യാജ ആധാരത്തിലൂടെയും നിയമവിരുദ്ധമായും അനധികൃതമായും കൈയ്യടക്കി വെച്ച് അനുഭവിക്കുന്നത്.

കൂടി ഭൂമി ഏറ്റെടുക്കൽ നടപടിയിൽ നിന്ന് സി.പി.എം-സി.പി.ഐ ദുരന്തത്തിലേയ്ക്ക് വിഷയം ചുരുങ്ങുകയും ഭൂമി ഏറ്റെടുക്കൽ നടപടി അട്ടിമറിക്കപ്പെടുകയും ചെയ്യുന്നു. തിരുവനന്തപുരം ലോ അക്കാദമിക്ക് വിദ്യാഭ്യാസത്തിനായി നൽകി ഭൂമി അനധികൃതമായി ഉപയോഗിച്ചതിനെത്തുടർന്ന് റവന്യൂ വകുപ്പ് നടപടികൾ ആരംഭിച്ചപ്പോഴും ഇതുതന്നെ സംഭവിച്ചു. ഭൂമി ഏറ്റെടുക്കേണ്ട ഘട്ടമെത്തിയപ്പോൾ സി.പി.ഐ- സി.പി.എം സംഘർഷ നാടകത്തിലൂടെ ഇത് മറികടക്കുന്നത് നാം കണ്ടതാണ്. അനധികൃത ഭൂമി ഏറ്റെടുക്കൽ കേസുകളിൽ പിണറായി സർക്കാരിനും ഇപ്പോൾ 'നല്ലപിള്ള' ചമയുന്ന സി.പി.ഐയ്ക്കും യാതൊരു താത്പര്യമുമില്ലെന്ന് വസ്തുതകളുടെ അടിസ്ഥാനത്തിൽ പറയാൻ കഴിയും. മാത്രമല്ല തോട്ടം കമ്പനികളെ സംരക്ഷിക്കുന്നതിനുള്ള നടപടികളാണ് ഇവർ നാളുകളായി സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

കേരളത്തിൽ രണ്ടര ലക്ഷം കുടുംബങ്ങൾ ഔദ്യോഗികമായും അഞ്ചേകാൽ ലക്ഷം കുടുംബങ്ങൾ അനൗദ്യോഗികമായും മരിച്ചാൽ അടക്കാൻ ഭൂമിയില്ലാതെ ജീവിക്കുന്നുണ്ട്. കേരളത്തിലെ ദളിതരുടെ 79 ശതമാനവും 26,193 കോളനികളിലായാണ് കഴിയുന്നത്. 8200 കോളനികളിൽ ആദിവാസികളും 10,000 ൽ അധികം ലയങ്ങളിൽ തോട്ടം തൊഴിലാളികളും 522 കോളനികളിൽ മത്സ്യത്തൊഴിലാളികളും ഒരുതുണ്ട് ഭൂമിയില്ലാതെ കഴിയുമ്പോഴാണ് കേരളത്തിന്റെ 58 ശതമാനം റവന്യൂ ഭൂമി തോട്ടം കമ്പനികൾ വ്യാജ ആധാരത്തിലൂടെയും നിയമവിരുദ്ധമായും അനധികൃതമായും കൈയ്യടക്കി വെച്ച് അനുഭവിക്കുന്നത്. കൊളോണിയൽ സമ്പദ്വ്യവസ്ഥയുമായി ബന്ധപ്പെട്ട് ഉടലെടുത്ത തോട്ടങ്ങൾ കേരളത്തിന്റെ സമ്പദ്വ്യവസ്ഥയ്ക്കും സാമൂഹിക പുരോഗതിക്കും യാതൊന്നും സംഭാവന ചെയ്തിട്ടില്ല എന്നതാണ് ചരിത്രം. കേരളത്തിലെ തോട്ടം മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾ അടിമ സമാനമായ ജീവിതമാണ് ഇന്നും നയിക്കുന്നത്. അവരുടെ കൂലി ഇപ്പോഴും 230 മുതൽ 300 രൂപ മാത്രമാണ്. തൊഴിലാളികൾക്ക് സ്വന്തമായി ഭൂമിയോ, വീടോ, അടിസ്ഥാന സൗകര്യങ്ങളോ ഇല്ല. ഹാരിസൺ ഭൂമി പിടിച്ചെടുത്ത് സമരം ചെയ്യുന്ന ചെങ്ങറ അടക്കമുള്ള ഭൂസമരങ്ങൾ തോട്ടം മേഖലയുടെ ഈ പരാജയവും അതിലെ അനീതികളും തുറന്നുകാണിച്ചിട്ടുമുണ്ട്.

തോട്ടങ്ങൾക്ക് ഭൂപരിധി ഏർപ്പെടുത്തി ഭൂപരിഷ്കരണ നിയമം പൊളിച്ചെഴുതണമെന്നും ഭൂരഹിതർക്ക് കൃഷിഭൂമി നൽകണമെന്നുമുള്ള 90കൾ മുതൽ കേരളത്തിൽ നടക്കുന്ന വിവിധ ഭൂസമരങ്ങളുടെ ആവശ്യങ്ങൾക്ക് നിയമസാധുത നൽകുന്ന ഒരു ശക്തമായ റിപ്പോർട്ടായിരുന്നു ഡോ. എം.ജി. രാജമാണിക്യത്തിന്റേത്. അതുകൊണ്ടു തന്നെ ഈ റിപ്പോർട്ട് അട്ടിമറിക്കുന്നതിനായി നടക്കുന്ന നീക്കങ്ങൾ ഭൂസമരങ്ങളോടുള്ള സർക്കാരിന്റെ സമീപനം കൂടിയാണ് വ്യക്തമാക്കുന്നത്. സ്വാതന്ത്ര്യത്തിന് മുൻപ് ഇന്ത്യയെ അടക്കി ഭരിച്ചിരുന്ന ബ്രിട്ടീഷ് കമ്പനികൾ, സ്വാതന്ത്ര്യാനന്തരവും കേരളത്തിന്റെ പകുതിയിലധികം റവന്യൂ ഭൂമി കയ്യടക്കി ഭരിക്കുന്നത് ഇന്ത്യയുടെ പരമാധികാരത്തെ ചോദ്യം ചെയ്യുന്നതും ഇന്ത്യൻ ഭരണഘടനയെ നിന്ദിക്കുന്നതുമാണ് എന്നോർക്കണം. ■